ശ്രീ. കെ. ഹസ്സൻഗനി : ഇങ്ങനെയുള്ള പദ്ധതിക്കുവേണ്ടി സ്ഥലം തരാമെന്നു പറഞ്ഞു് ആനക്കയം പ്രദേശത്തുനിന്നും ആവശ്യപ്പെട്ടിട്ടും ഇതുവരെയായിട്ടും നടപടിയും എടുത്തുകാണുന്നില്ല. ഇങ്ങനെസ്ഥലം ഉറപ്പായിട്ടു തരാമെന്നു സമ്മതിക്കുന്ന പ്രദേശങ്ങളിൽ ഉടൻതന്നെപണികളും തുടങ്ങുന്നതിനു വേണ്ട നടപടികളും എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ആനക്കയത്തെ സംബന്ധിച്ചു് പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ സാധിക്കുകയുള്ളു.

Bodi-Cochin Railway Line

* 653. [20] ശ്രീ. ടി. முருகேசன்: கீழ் காணும் வினாக்களுக்கு மராமத்து இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1964-ம் வருஷம் ஜனுவரி மாதம் 18-ம் தேதி தமிழ் தினத் தந்தி பத்திரிகையில் போடிநாய்க்கனூருக்கும், கொச்சிக்கும் நாலாவது ஐந்தாண்டு திட்டத்தில் போடி-கொச்சி ரயில்பாதை அமைக்கவேண்டுமென்று பிரசுரித்துள்ள செய்தி விவரங்கள் சர்க்காரின் கவனத்திற்கு வந்துண்டா;

(பி) அப்படி சர்க்காரின் கவனத்துக்கு வந்திருக்குமானால் அதன் பேரில் இதற்கு முன்னால் ஏதாவது நீட்டம் ஏற்படுத்தியதுண்டா; அல்லது ஏற்படுத்த தகுந்த நடவடிக்கை எடுக்கப்படுமா;

(சி) இல்லையெனில் அதற்கு தகுந்த நடவடிக்கைகள் எடுக்கும் பொழுது அந்தப் பாதையை ஹைரேஞ்ச் பிரதேசமான உடும்பஞ்சோலை தேவிகுளம் தாலுகாக்களின் பிரதேசத்தை உட்படுத்தி மூணார் வழியாக ரயில்பாதை அமைப்பதற்குள்ள நடவடிக்கைகளை எடுப்பதற்கு சர்க்காருக்குத் தயவுண்டாகுமா ?

Minister for Public Works (**Shri P. P. Ummer Koya**):

(a) No.

(b & c) Cochin-Bodinaikannoor Railway line will be considered when the question of Railway lines to be recommended to the Government of India for inclusion in the Fourth Plan is taken up.

Rural Electrification Centres

* 654. [21] **Shri M. C. Abraham** : Will the Minister for Home Affairs be pleased to state :

(a) how many rural electrification centres have been sanctioned this financial year ;

(b) of them how many are non-remunerative centres ;

(c) have the Government received any representation from the inhabitants of Neezhoor Village in Vaikom Taluk that a non-remunerative centre be sanctiond there ;

(d) if so whether any steps have been taken on it ; and

(e) will the Government sanction a non-remunerative centre for Neezhoor ?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (**Shi R. Sankar**) :

(a) 81.

(b) 30.

(c) No.

(d) Does not arise in the light of the answer to part (c) above.

(e) The question of inclusion of Neezhoor in the Centres to be sanctioned for the ensuing year will be considered by the Government.

ശ്രീ. കെ. സി. എബ്രഹാം : നാൺ–റെമ്യൂനറേറീവു് സ്കീ സു് കൊടുക്കുന്നതു് എന്തു മാനദണ്ഡത്തിലാണെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: ഓരോ പ്രദേശത്തിന്റെയും ആവശ്യത്തെ ആസ്പദമാക്കിയാണു് കൊടുക്കുന്നതു്. കൂടുതൽ ജനസംഖ്യയും കൺപീനിയൻസുമുള്ള പ്രദേശത്തിനു് മുൻഗണന കൊടുക്കും.

ശ്രീ. കെ. കൃഷ്ണപിള്ള: നോൺ–റെമ്യൂനറേറീവു് സ്കീംസു് കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതു് ആരാണു്? ഗവണ്മെന്റു് വല്ല നിർദ്ദേശവും കൊടുക്കാറുണ്ടോ; അതോ ഇലക്ട്രിസിറ്റി ബോർഡാണോ നിർദ്ദേശം കൊടുക്കുന്നതു്?

ശ്രീ. ആർ. ശങ്കർ: ഇതു് സംബന്ധിച്ചു് ഗവണ്മെന്റും ഇലക്ട്രിസിറ്റി ബോർഡും കൂടിയാണു് തീരുമാനിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇതു് കൊടുക്കുന്നതിനു് വല്ല പ്രയോറിടിയുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ: പ്രയോറിട്ടി ഉണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : സാധാരണ പഞ്ചായത്തിന്റെ രോഗമായി റൂറൽ ഇലക്ട്രിഫിക്കേഷനു് ഒരു പ്രയോറിട്ടി ലിസ്റ്റുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ നോൺ–റെമ്യൂനറേറീവു് ആയിട്ടുള്ള വർക്കുകൾ ഡി.ഡി. സി.യുമായിട്ടു് കൺസൾട്ടു് ചെയ്തു കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. ആർ. ശങ്കർ: ഡി. ഡി. സി. ഒരു ലിസ്റ്റു് തയ്യാറാക്കി അയയ്ക്കുന്നുണ്ടു്. ആ പ്രയോറിട്ടി ലിസ്റ്റു് പ്രത്യേകം പരിഗണിക്കുന്നുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഇലക്ട്രിസിറ്റി ബോർഡിനു് ഉണ്ടാകാവുന്ന നഷ്ടം ഗവണ്മെന്റിൽനിന്നും കൊടുക്കാറുണ്ടോ?

ശ്രീ. ആർ. ശങ്കർ: കുറെയൊക്കെ ഗവണ്മെന്റിൽനിന്നും കൊടുക്കും.

ശ്രീ. ഈ. പി. ഗോപാലൻ : ബ്ലോക്കുകളുടെ ഇലക്ട്രിഫിക്കേഷനു വേണ്ടി നീക്കിവച്ചിട്ടുള്ള നാൽപ്പതിനായിരം ഉറുപ്പിക ഇപ്പോഴും ഇലക്ട്രിസിറ്റിബോർഡ് ചെലവഴിച്ചിട്ടില്ലെന്നുള്ള വസ്തുത പരിഗണിച്ചു് ഈ സംഖ്യയെങ്കിലും ചെലവാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ പ്രോഗ്രാം പുരോഗമിപ്പിക്കുന്നതിനുവേണ്ടി തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ : ഇലക്ട്രിസിറ്റി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള മുഴുവൻ തുകയും ചെലവാക്കാൻ ബോർഡിനു് കഴിഞ്ഞിട്ടില്ല. ഇങ്ങനെവന്നിട്ടുള്ളതു് ചിലപ്പോഴും സപ്ലൈസിലുള്ള താമസംകൊണ്ടും ആവശ്യമുള്ള മെറ്റീരിയൽസു് റെഡിയായി കിട്ടാത്തതുകൊണ്ടുമാണു്.

LIBRARY ARCHIVES Kerala Legislative Assembly